# ആശിഷം

സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിലിന്റെ മുഖപത്രം

ലക്കം : 1 www.sicckerala.com 2020 ജനുവരി 1


# മികച്ച മനുഷ്യാവകാശ പ്രവർത്തകനുള്ള പുരസ്കാരം എസ്.ഐ.സി.സി. ചെയർമാന്




മികച്ച സാമൂഹ്യപ്രവർത്തകനുള്ള ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ വേദിയുടെ പുരസ്കാരം വി. എസ്. ശിവകുമാർ എം.എൽ.എ.യിൽ നിന്നും സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ ചെയർമാൻ റൈറ്റ്.റവ.ഡോ. ജ്ഞാനശിഖാമണി കുളമടയിൽ ഏറ്റുവാങ്ങുന്നു.

**തി**രുവനന്തപുരം: കഴിഞ്ഞ മൂന്നു ദശാബ്ദക്കാലം സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിർവഹിച്ച ജീവകാരുണ്യ പ്രവർത്തനങ്ങൾ പരിഗണിച്ച് 2019 വർഷത്തെ മികച്ച സാമൂഹ്യപ്രവർത്തകനുള്ള ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ വേദിയുടെ പുരസ്കാരം ലോകമനുഷ്യാവകാശ ദിനമായ ഡിസംബർ 10 ന് തിരുവനന്തപുരം പ്രസ്ക്ലബിൽ വച്ച് നടന്ന ചടങ്ങിൽ വി.എസ്. ശിവകുമാർ എം.എൽ.എ.യിൽ നിന്നും സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ ചെയർമാൻ റൈറ്റ്.റവ.ഡോ. ജ്ഞാനശിഖാമണി കുളമടയിൽ ഏറ്റുവാങ്ങി. അശരണരുടെയും ആലംബഹീനരുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനത്തിൽ ബിഷപ്പ് നൽകിയ നിരവധി സംഭാവനകളുടെ പ്രതിഫലനമാണ് ഈ പുരസ്കാരം എന്ന് എം.എൽ.എ. അഭിപ്രായപ്പെട്ടു. വിവിധ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ ആശംസകളർപ്പിച്ചു സംസാരിച്ചു.

## സഭാശുശ്രൂഷകർക്കായി നേതൃത്വ പരിശീല സെമിനാർ സംഘടിപ്പിച്ചു

**സൗ**ത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സഭാശുശ്രൂഷകർക്കായി 2019 ഡിസംബർ 15 ന് തിരുവനന്തപുരം തമ്പാനൂർ ഹോട്ടൽ ബോബൻ റസിഡൻസി കോൺഫറൻസ് ഹാളിൽ വച്ച് നേതൃത്വ പരിശീലന സെമിനാർ സംഘടിപ്പിച്ചു. നേതൃത്വപരിശീലനത്തിൽ വിദഗ്ധരായ മിഷനറിമാർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. നല്ല സഭാശുശ്രൂഷകർ ക്രിസ്തുവിന്റെ നല്ല അനുയായികളും നല്ല നേതാക്കളുമായിരിക്കണമെന്നും മിഷനറിമാർ പ്രസ്താവിച്ചു. ഒരുകൂട്ടം വിശ്വാസികളെ പ്രത്യേക ലക്ഷ്യത്തിലേക്ക് നയിക്കുന്ന നേതാവെന്ന നിലയിൽ സഭാശുശ്രൂഷകനുണ്ടായിരിക്കേണ്ട ഗുണങ്ങളും സ്വഭാവ സവിശേഷതകളും ലളിതമായി അവതരിപ്പിക്കപ്പെട്ടു. നേതൃത്വപാടവം എങ്ങനെ കൈവരിക്കാമെന്ന് വിശുദ്ധ വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചു. വിവിധ സഭാ വിഭാഗങ്ങളിലായി നൂറോളം സഭാശുശ്രൂഷകർ സെമിനാറിൽ പങ്കെടുത്തു.

# പത്രാധിപസന്ദേശം

സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ക്ഷേമപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിലൂടെ ദൈവത്തിനു മഹത്വം നൽകുക എന്നലക്ഷ്യത്തോടുകൂടി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരുകൂട്ടം സുമനസ്സുകളുടെ കൂട്ടായ്മയാണ് സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ.

സമൂഹ്യപരിവർത്തനത്തിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചേരുന്നതിനായി പുതുതലമുറയിലെ കുട്ടികളെ സജ്ജരാക്കുകയും ഭാരതത്തിന്റെ ഭാസുരമായ ഭാവിക്കായി പ്രയത്നിക്കുന്ന നല്ല പൗരൻമാരാക്കിമാറ്റുന്നതിനുമായി കുട്ടികളുടെ വിദ്യാഭ്യാസത്തിനും സാന്മാർഗ്ഗിക വികസനത്തിനും ആവശ്യമായ സഹായങ്ങൾ ആവശ്യക്കാരായവരിലെത്തിക്കുന്ന തരത്തിലാണ് സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ അതിന്റെ മഹത്തായ ഭാവി പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

പുകവലി, മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം തുടങ്ങിയ സാമൂഹ്യ തിന്മകളിൽ നിന്നും പുതുതലമുറയെ രക്ഷിച്ച് അവരുടെയുള്ളിൽ സ്നേഹത്തിന്റെയും നന്മയുടെയും സാഹോദര്യത്തിന്റെയും വിത്തുകൾ പാകി കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനും മുതൽക്കൂട്ടാകുന്ന ഉത്തമ പൗരൻമാരാക്കി മാറ്റുക എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനായി അക്ഷീണം പ്രയത്നിക്കുന്ന ഒരു സംഘടനയാണ് സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ.

സമൂഹത്തിൽ സാമൂഹികവും സാമ്പത്തികവുമായി പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗത്തെ മാന്യവും സമാധാനപൂർണ്ണവുമായ ജീവിതം നയിക്കുന്നതിന് പ്രാപ്തരാക്കത്തക്ക നിലയിൽ അവർക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനാവശ്യമായ സ്ഥായിയായ സഹായവും സഹകരണവും ഈ കൂട്ടായ്മ നൽകിവരുന്നു.

ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി ഈ കൂട്ടായ്മയെ സഹായിക്കുന്നത് തികഞ്ഞ അർപ്പണബോധത്തോടുകൂടി പ്രവർത്തിക്കുന്ന, മനസ്സിൽ നന്മയുള്ള ഒരുകൂട്ടം വ്യക്തികളും കുടുംബങ്ങളുമാണ്. ഈ കൂട്ടായ്മയുടെ സമ്പൂർണ്ണ ലക്ഷ്യപ്രാപ്തിക്കായി താങ്കളുടെ സഹായസഹകരണങ്ങളും വിലയേറിയ പ്രാർത്ഥനയും ഞങ്ങൾക്ക് ആവശ്യമാണ്.

ഈ കൂട്ടായ്മയുടെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കഴിഞ്ഞ അഞ്ചു വർഷങ്ങളായി സംഘടന പുറത്തിറക്കുന്ന പ്രസിദ്ധീകരണമാണ് ആശിഷം എന്ന ഈ പ്രതിമാസ വാർത്താപത്രം. കൂടാതെ ഈ കൂട്ടായ്മയിലെ അംഗങ്ങളുടെ രചനകളും സർഗ്ഗസൃഷ്ടികളും കൂടി ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിജ്ഞാനപ്രദവും മൂല്യാധിഷ്ഠിതവുമായ കഴിയുന്നത്ര വിവരങ്ങൾ ഉൾപ്പെടുത്തി ഈ പ്രസിദ്ധീകരണത്തെ സമ്പുഷ്ടമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇതിനെ കുറിച്ചുള്ള താങ്കളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നിറഞ്ഞ മനസ്സോടെ സ്വാഗതം ചെയ്യുന്നു.

ദൈവരാജ്യത്തിന്റെ വളർച്ചക്കായുള്ള ഞങ്ങളുടെ ഈ എളിയ ഉദ്യമത്തിന്റെ വിജയത്തിനായി താങ്കളുടെ വ്യക്തിപരമായ പ്രാർത്ഥനയും അകമഴിഞ്ഞ സഹായവും ഞങ്ങൾ പ്രത്യാശിക്കുന്നു. സർവ്വ ശക്തനായ ദൈവം താങ്കളെയും കുടുംബത്തെയും അനുഗ്രഹിക്കുമാറാകട്ടെ. ■


## EDITORIAL BOARD

Chief Editor
**Rt.Rev.Dr. G.S.Mony Kulamadayil**
Chairman, SICC

Editor
**Mr. K.P. Dixon Raj** MA(Lit)
Generl Secretary, SICC

Creative Support
**Ms.Blessy G.K. & Ms.Steffy G.K.**

Type Setting
**Mrs. Reshma R. Ajith**

Layout & Design
**A1 Computers, Peyad, Tvm**

Printing
**Yamuna Xerox, Near CPT, Nettayam, Tvm**


**സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി കൈത്താങ്ങു നൽകുവാൻ ആഗ്രഹിക്കുന്നവർ സംഭാവനകൾ താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുക.**

Account No.: 13520100054388
Bank: : Federal Bank
Branch : Panaji, Goa
IFSC : FDRL0001352

Chairman's Desk

# ക്രിസ്തുയേശുവിനെ സങ്കേതമാക്കുന്ന കർത്താവിന്റെ കഴുകൻമാർ



റൈറ്റ്.റവ.ഡോ. ജി.എസ്.മണി കുളമടയിൽ

ദൈവത്തിൽ നിന്ന് വിവരങ്ങൾ ലഭിക്കുകയല്ല, അവനോട് കൂടെയുള്ള അനുഭവം അന്വേഷിക്കുന്നതാണ് പ്രാർത്ഥനയുടെ മഹാലക്ഷ്യം. അവന്റെ വെറും സഹായത്തിലല്ല അവനെ അന്വേഷിക്കുന്നതിലാണ് അനുഗ്രഹം ഉണ്ടാകുന്നത്. സ്വർഗ്ഗീയപിതാവിന്റെ നിത്യകരങ്ങൾ നമ്മെ കോരിയെടുത്ത് ഉറപ്പുള്ള നിലത്ത് നിറുത്തുവാൻ തക്ക ഒരുക്കത്തോടുകൂടി എപ്പോഴും നമ്മുടെ അരികിലുണ്ട്. ആ ബലമേറിയ നിത്യകരങ്ങൾ നമുക്കരികിൽ വച്ചിരിക്കുകയാണെന്ന ബോധ്യത്തോടുകൂടി നമുക്ക് മുന്നോട്ട് പോകാം.

ദൈവത്തെ അവരുടെ സങ്കേതമാക്കുന്നവർക്ക് അവനിൽ എല്ലാ സുഖസൗകര്യങ്ങളും നന്മകളും ഉണ്ടായിരിക്കും. പുരാതനനായ ദൈവം നിന്റെ സങ്കേതം, കിഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്. അവൻ ശത്രുവിനെ നിന്റെ മുമ്പിൽ നിന്ന് നീക്കിക്കളഞ്ഞ് സംഹരിക്കും എന്ന് കൽപ്പിച്ചിരിക്കുന്നു.



കഴുകൻ തന്റെ കൂട് അനക്കി തന്റെ കുഞ്ഞുങ്ങൾക്കുമീതെ പറക്കുന്നതുപോലെ താൻ ചിറകു വിരിച്ച് അവനെ എടുത്ത് തന്റെ ചിറകിൻമേൽ അവനെ വഹിച്ചു. (ആവർ. 32:11) ദൈവം ഇസ്രായേല്യരെ നടത്തുന്നത് ഒരു കഴുകൻ തന്റെ കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുന്നതിന് തുല്യമായി പ്രസ്താവിച്ചിരിക്കുന്നു. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗത്ത് ദൈവം തന്റെ ജനത്തെ എങ്ങനെ അഭ്യസിപ്പിക്കുന്നുവെന്നും എപ്രകാരം അവരെ വിശുദ്ധിയിൽ പൂർണ്ണരാക്കി തനിക്ക് തുല്യരാക്കിത്തീർക്കുന്നുവെന്നും ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ഇവിടെ തള്ളക്കഴുകൻ തന്റെ കുഞ്ഞുങ്ങൾക്ക് അഭ്യസനം നൽകുന്ന രീതിയോട് കർത്താവ് തന്റെ ജനത്തെ നയിക്കുന്ന വിധത്തെ താരതമ്യപ്പെടുത്തിയിരിക്കുന്നു. വളരെ ഉയരമുള്ള പാറയുടെ പിളർപ്പു കളിലോ വളരെ പൊക്കമുള്ള വൃക്ഷശാഖകളിലോ കഴുകൻ കൂട് നിർമ്മിക്കുന്നു. ചെറിയ കമ്പുകൾ, മുള്ളുകൾ, മുതലായവകൊണ്ട് അവ കൂട് പണിത് ആട്ടുരോമം, കടലാസ്, പഴയതുണി, പഞ്ഞി മുതലായവ കൊണ്ട് അതിനകവശം മെത്തപോലെ മൃദുവാക്കുന്നു. അതിനുശേഷം അതിനുള്ളിൽ മുട്ടയിട്ട് കുഞ്ഞ് വിരിക്കുന്നു. കുഞ്ഞുങ്ങൾ പറക്കുന്ന പ്രായമാകുമ്പോൾ തള്ളക്കഴുകൻ കൂട് പൊളിക്കുവാൻ ആരംഭിക്കുന്നു. കൂട്ടിനുള്ളിൽ ഉണ്ടായിരുന്ന മൃദുവായ സാധനങ്ങൾ ഓരോന്നോരോന്നായി അത് എടുത്ത് പുറത്ത് എറിയുന്നതിനാൽ കുഞ്ഞുങ്ങൾ പരുപരുത്ത പ്രതലത്തിൽ പതിക്കുന്നു. അസ്വസ്ഥരും അസംതൃപ്തരുമായ കുഞ്ഞുങ്ങൾ സൗകര്യമുള്ള മറ്റൊരു സ്ഥലത്ത് അഭയം തേടുന്നു. ഇതുപോലെ തന്നെ ദൈവവും തന്റെ ജനത്തോട് ഇടപെടുന്നു. ദൈവജനത്തിന്റെ മൃദുലങ്ങളായ ആശ്രയസ്ഥാനങ്ങൾ നഷ്ടപ്പെട്ട് അസന്തുഷ്ടരായി പരിഭ്രമിക്കുമ്പോൾ അവർ പുതിയ ആത്മീയ അനുഭവങ്ങളിലേക്ക് നയിക്കപ്പെടുവാൻ അഥവാ പുതുക്കപ്പെട്ട് ക്രിസ്തീയ ജീവിതം നയിക്കുവാൻ ഇടവരുന്നു. ചിലപ്പോൾ കുടുംബജിവിതത്തിലും ഉദ്യോഗരംഗങ്ങളിലും പ്രയാസം വരും. മറ്റുചിലപ്പോൾ ധനം, സുഖം മുതലായവയ്ക്ക് നഷ്ടം വന്നേക്കാം ബന്ധുമിത്രാദികൾ കൈവിട്ടെന്നുവരാം. അടുത്ത ചാർച്ചക്കാരുടെ മരണം ഉണ്ടായെന്നു വരാം, ആരാധനാ സ്വാതന്ത്ര്യം, ആത്മീകവും ഭൗതികവുമായ സ്വാതന്ത്ര്യം മുതലായവ നഷ്ടപ്പെട്ടേക്കാം. ഇങ്ങനെയുള്ള അപ്രതീക്ഷിത സംഭവബഹുലതകളാൽ നമ്മുടെ കൂട്ടിലുള്ള മെത്തപോലെ മൃദുവായ ഭാഗങ്ങൾ മാറ്റപ്പെടുന്നു. അതിന് പകരം ആ സ്ഥാനത്ത് മുള്ളുകൾ പോലെ കൂർത്ത അനുഭവങ്ങൾ കടന്നുവരികയും ചെയ്യുന്നു.

മിസ്രയിമിൽ അധിവസിച്ചിരുന്ന യിസ്രായേല്യരുടെ കൂടിനെ ദൈവം പൊളിച്ചു. ആദ്യമായി എബ്രായർ മിസ്രയിമിൽ പ്രവേശിച്ചപ്പോൾ യോസേഫിന്റെ മേൽനോട്ടത്തിൽ ദൈവം ഭംഗിയും സുഖകരവുമായ ഒരു കൂട് നിർമ്മിച്ചു. ദേശത്തിന്റെ പുഷ്ടിയും സമൃദ്ധിയും അനുഭവിക്കാൻ അനുവദിച്ചു. അവരെ മിസ്രയിമിൽ നിന്നും വിടുവിക്കുവാൻ സമയമായപ്പോൾ ദൈവം അവരുടെ സങ്കേതമായ കൂട് പൊളിച്ചു. അവരുടെ എല്ലാ സുഖങ്ങളും മാറ്റപ്പെട്ടല്ലാതെ അവരെ ഉദ്ധരിക്കുവാൻ സാധ്യമല്ലെന്ന് ദൈവം അറിഞ്ഞിരുന്നു. അതുകൊണ്ട് അവരെ പീഡിപ്പിക്കുവാൻ മിസ്രയിമ്യരെ അനുവദിച്ചു. അവർക്ക് കഷ്ടത വർദ്ധിച്ചപ്പോൾ അവർ ഉദ്ധാരകനായ ദൈവത്തെ നോക്കി നിലവിളിച്ചു. ദൈവം അവരെ അടിമത്വത്തിൽ നിന്നും വിടുവിച്ചു.

(തുടരും)

## പ്രവർത്തന സമിതി



Rt.Rev. Dr ജി.എസ്.മണി കുളമടയിൽ
ചെയർമാൻ



Mr.ജോർജ്ജ് ജോസഫ് മണ്ണുശ്ശേരി
ഡയറക്ടർ

## ചീഫ് കോർഡിനേറ്റർമാർ

തമിഴ്നാട് | കേരളം



Dr. K. സാമുവേൽ



Mr. K.P.ഡിക്സൺരാജ്




Mr. K.S.ജോൺ



Rev.പി.വി.മേനോൻ

## തിരുവനന്തപുരം ജില്ലാകോർഡിനേറ്റർമാർ



Rev. വിൽഫ്രഡ്



Pr. K.S.അനിൽകുമാർ



Pr. A.R.ജോയ് ആൻഡ്രൂസ്



Pr. കുഞ്ഞൂഞ്ഞുകുട്ടി



Pr. S.ഷാജികുമാർ



Pr. K.P.R. വാസജ്



Pr. ജോൺ ജേക്കബ്



Mr. ക്ലീറ്റസ്

## കന്യാകുമാരി ജില്ലാകോർഡിനേറ്റർമാർ



Pr. .പോൾ



Pr. D.രാജൻ



Pr. K.ജോൺകുമാർ



Pr. K.J.അരുമൈ രാജ്



Pr. S.സ്പർജൻ സാം



Pr. C.വിൽഫ്രഡ്



Pr. N.ക്രിസ്തുദാസ്



Pr. M.സെൽവിൻകുമാർ

# SICC അംഗങ്ങൾ നിർബന്ധമായും പാലിക്കേണ്ട നിർദ്ദേശങ്ങൾ

1. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ക്ഷേമപ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിലൂടെ ദൈവത്തിനു മഹത്വം നൽകുക എന്നലക്ഷ്യത്തോടുകൂടി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരുകൂട്ടം സുമനസ്സുകളുടെ കൂട്ടായ്മയാണ് സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ. ആയതിനാൽ ഇതിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ പ്രതിഫലേച്ഛ കൂടാതെ നിർവഹിക്കേണ്ടതാണ്.
2. കൗൺസിൽ അനുശാസിക്കുന്ന നിയമങ്ങളും നിയന്ത്രണങ്ങളും കർശനമായി പാലിക്കേണ്ടതാണ്. അതിൽ വീഴ്ചവരുത്തുന്നവരെ നിരുപാധികം കൗൺസിലിൽ നിന്നും പുറത്താക്കുന്നതാണ്.
3. കൗൺസിലിലെ ഓരോ അംഗവും കൗൺസിലിന്റെ ക്രീയാത്മകമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകേണ്ടതാണ്.
4. കൗൺസിലിന്റെ പൊതുയോഗങ്ങളിലും കൂട്ടായ്മകളിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. മതിയായ കാരണം കൂടാതെ തുടർച്ചയായ മൂന്ന് ജനറൽബോഡികളിൽ പങ്കെടുക്കാത്ത അംഗങ്ങളെ നിരുപാധികം കൗൺസിലിൽ നിന്നും പുറത്താക്കുന്നതാണ്.
5. കൗൺസിൽ അംഗങ്ങൾക്ക് നൽകുന്ന തിരിച്ചറിയൽ കാർഡ് കൗൺസിലിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ളതാണ്. ആയത് ദുരുപയോഗം ചെയ്യുകയോ കൗൺസിലിന്റെ അനുമതിയില്ലാത്ത സ്ഥലങ്ങളിൽ ഉപയോഗിക്കുകയോ ടി തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് ഏതെങ്കിലും പ്രവർത്തനത്തിന് പ്രതിഫലം കൈപ്പറ്റാനോ പാടുള്ളതല്ല. അങ്ങനെ തെളിയുന്നപക്ഷം ടി അംഗത്തെ കൗൺസിലിൽ നിന്നും പുറത്താക്കുന്നതും ടിയാളുടെ തിരിച്ചറിയൽ കാർഡ് നിയമപ്രകാരം സറണ്ടർ ചെയ്യിക്കുകയും അസാധുവാക്കുന്നതുമാണ്. കൗൺസിൽ ആവശ്യപ്പെടുന്നപക്ഷം ടിയാൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്.
6. കൗൺസിലിന്റെ ഭാരവാഹികളുടെയും കൗൺസിൽ നിയോഗിക്കുന്ന അംഗങ്ങളുടെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
7. കൗൺസിലിന്റെ മുൻകൂറായുള്ള അനുമതില്ലാതെ കൗൺസിലിന്റെ പേരിൽ യാതൊരുവിധ പൊതുയോഗങ്ങളോ പരിപാടികളോ മെഡിക്കൽ ക്യാമ്പുകളോ സംഘടിപ്പിക്കാൻ പാടില്ലാത്തതാകുന്നു. അങ്ങനെയുണ്ടാകുന്നപക്ഷം ആയതിൻമേൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്കോ നിയമനടപടികളിലോ കൗൺസിലിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

# സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ: ദർശനവും പ്രവർത്തനങ്ങളും

ശരീരത്തിന്റെയും ആത്മാവിന്റെയും രക്ഷ ( To save the body and soal ) എന്ന ആപ്തവാക്യവുമായി അശരണർക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനയാണ് സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ ( എസ്. ഐ.സി.സി.) പരസ്പര വിശ്വാസമില്ലായ്മ, അവിശ്വസ്തത, നിരുത്തരവാദിത്വം, ജീവിതപങ്കാളിക്ക് പൊരുത്തപ്പെട്ടുപോകാനാകാത്ത സ്വഭാവങ്ങൾ, മദ്യപാനം, പുകവലി മുതലായ ലഹരിവസ്തുക്കൾക്കടിമകളായവർ, മറ്റുചില ബലഹീനതകൾ, ഇക്കാരണങ്ങളാലൊക്കെ ദിനവും പൊലിഞ്ഞുപോകുന്ന കുടുംബബന്ധങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണ്. ഒരുപാട് സ്വപ്നങ്ങളോടെ അതിലേറെ പ്രതീക്ഷകളോടെ ആരംഭിക്കുന്ന കുടുംബജീവിതത്തിലെ അസ്വാരസ്യങ്ങൾ രണ്ട് കുടുംബങ്ങളെ മാത്രമല്ല രണ്ട് സ്ഥലങ്ങളെ, സഭകളെ സമൂഹത്തെയൊക്കെ ബാധിക്കുന്ന പ്രശ്നമാണ്. വിഷയങ്ങളെ കൈകാര്യം ചെയ്യുന്നതിലുള്ള അപാകതയും പൊടുന്നനെ കൈക്കൊള്ളുന്ന തീരുമാനങ്ങളുമൊക്കെ തീരാനഷ്ടങ്ങളായി തീർന്നെന്നുവരാം. ഇവിടെയാണ് അനുഭവസമ്പന്നരായ കൗൺസിലേഴ്സിന്റെ ദൈവവചനാധിഷ്ഠിതമായ ഉപദേശത്തിന്റെ പ്രാധാന്യം. ദർശനസാക്ഷാത്കാരത്തിനായി അടരാടുവാൻ പ്രതിജ്ഞാബദ്ധരാണ് മിനിസ്ട്രിയുടെ ഓരോ പ്രവർത്തകരും. ജീവനും ജീവിതവും ചെലവിട്ടുള്ള ഈ ഉദ്യമത്തിൽ ഓരോ പ്രവർത്തകനുമുള്ള പ്രചോദനം അത് രക്ഷകനായുള്ള ക്രിസ്തു തന്നെ. ഇന്നിഹത്തിൽ ശുശ്രൂഷയ്ക്ക് പിൻബലമായി തീരുന്നത്.

കുടുംബ ജീവിതം താളം തെറ്റുന്നു എന്ന തോന്നലുണ്ടായാൽ സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ സെന്ററുമായി ബന്ധപ്പെടാം.

## കർമ്മപരിപാടികൾ

1. മദ്യത്തിനും മയക്കുമരുന്നിനും അടിമയായി തെറ്റായ മാർഗ്ഗത്തിലുള്ള വ്യക്തികളെ കണ്ടെത്തി ലഹരിവിമോചനം സാധ്യമാക്കി അവരെ ദൈവരാജ്യത്തിന്റെ അവകാശികളാക്കി മാറ്റുന്നു.
2. വിദ്യാഭ്യാലയങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും ലഹരിക്കെതിരായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.
3. വിദ്യാർത്ഥികൾക്കും മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കും കൗൺസിലിങ് നൽകുന്നു.
4. പഠനവൈകല്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി കൗൺസലിങ്ങും പരിഹാരബോധനവും നൽകുന്നു.
5. ജയിൽ മിനിസ്ട്രി
6. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
7. നിർധനകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും വിദ്യാഭ്യാസ സഹായവും നൽകുന്നു.
8. ലഹരി വിരുദ്ധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.
9. ട്രാഫിക് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

## BOARD OF DIRECTORS

Chairman
**Rt.Rev.Dr. G.S.Mony Kulamadayil**

General Secretary
**K.P. Dixon Raj MA(Lt)**

Legal Advisor
**Adv. V.J. Jayakumar Abraham** BA, LLM, DLL and Law

**Mr. George Joseph**, Rtd. Supdt. of Police
**Dr. Y. William** B.Sc.,MBBS,DPH
**Mr. K.S. John**
**Rev. Stanley John**
**Mr. Jose Prakash**
**Mrs. Kala G. S. Mony**

## സബ് കൗൺസിലുകൾ

1. **പാസ്റ്റേഴ്സ് കൗൺസിൽ**
   പാസ്റ്റർമാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.
2. **വിമെൻസ് കൗൺസിൽ**
   സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നു. .
3. **യൂത്ത് കൗൺസിൽ**
   യുവാക്കൾക്ക് ജീവിതലക്ഷ്യബോധം നൽകുന്നു.
4. **ചിൽഡ്രൻസ് കൗൺസിൽ**
   കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.
5. **മെഡിക്കൽ കൗൺസിൽ**
   മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.
6. **എഡ്യൂക്കേഷൻ കൗൺസിൽ**
   വിദ്യാഭ്യാസ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.
7. **കരിയർ കൗൺസിൽ**
   തൊഴിൽ പരിശീലനവും തൊഴിൽ അവസരങ്ങളും നൽകുന്നു.

# കടമകൾ നിവർത്തിക്കുന്നതിലൂടെ ദൈവഹിതം നിറവേറ്റുക



ജോർജ്ജ് ജോസഫ് മണ്ണുശ്ശേരി
റിട്ട. പോലീസ് സൂപ്രണ്ട്

പ്രശ്ന സങ്കീർണ്ണണമായ ആധുനിക കാലഘട്ടത്തിൽ ദു:ഖത്തിലും നിരാശയിലും അസമാധാനത്തിലും അലയുന്ന ജനഹൃദയങ്ങൾക്ക് ധാർമ്മിക ബോധവൽക്കരണത്തിലൂടെയും കൗൺസിലിംഗിലൂടെയും മാത്രമേ സഹജന്റെ ശാരീരിക മാനസിക വേദനകളെ അടുത്തറിയുവാൻ കഴിയുകയുള്ളൂ എന്ന് സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ സംഘടിപ്പിച്ച ലഹിരിക്കെതിരെയുള്ള ബോധവൽക്കരണ സെമിനാറിൽ മുൻ പോലീസ് സൂപ്രണ്ടും എഴുത്തുകാരനും സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ ഡയറക്ടറും സാമൂഹ്യപ്രവർത്തകനുമായ ജോർജ്ജ് ജോസഫ് മണ്ണുശ്ശേരി പ്രസ്ഥാവിച്ചു.

അശരണരേയും ആലംബഹീനരെയും പീഡിതരെയും സഹായിക്കുക എന്നത് ചലനശേഷിയും ബുദ്ധിയും കർമ്മശേഷിയുമുള്ള ഓരോ വ്യക്തിയുടെയും കടമയാണ്. സഹജന്റെ ശാരീരിക മാനസിക വേദനകളെ ക്രിസ്തുവിനോളം അടുത്തറിഞ്ഞ മറ്റൊരു വ്യക്തി ലോക ചരിത്രത്തിൽ ഇല്ല. രോഗികൾ എതിർപെട്ടപ്പോൾ അവരുടെ വേദനകൾ കണ്ടറിഞ്ഞ് ചാരത്തെത്തിയ ക്രിസ്തുവിന്റെ നിർവ്യാജ സ്നേഹം ക്രിസ്തുവും ക്രിസ്തു അനുയായികളും തമ്മിലുള്ള അകലം ചിട്ടപ്പെടുത്താനുള്ള അളവുകോലായി പ്രയോജനപ്പെടുത്താം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## " TRUE DISCIPLESHIP"



Rev. Dr. M. Abbas Joseph MA, BD

In the early Apostolic church, there were Men and women among the disciples (TABITHA) - Act 9:36. As followers, we are the ambassador of God.

Today we are going to look, parable of Jesus who send Men to work in the vineyard (MATHEW 20:2)

**1. THE DISCIPLES HAS WAGES FOR WORK**
**(Mathew 20:2)**

The Labor is worth of the wages (1 Tim 5:18). Christ of ministry are honored by WAGES because without wages there is no power in the work.

**2. THE DISCIPLES ARE CALLED FOR DAILY WAGES:**
**(Mathew 20:2)**

Jesus said-carry neither money bag to disciple because he gave the needful to them.

(Luke 10:4), the Goddess who feeds the crow is how to make DISCIPLES. Example : Elijah

**3. DISCIPLES SHOULD NOT DESIRE TOO MUCH WAGES (Mathew 20:10-12)**

Here he is called for Denarus only but Judas Iscariot wanted money, he was caught in the trap of devil, so we doing work of God, it will give the denarius according to their work.

**4. THE MERCENARY SAME FOR EVERYONE AT ANY TIME CALLED TO DISCIPLESHIP WORK.**

The master said it was not the time to do the work. The job of the 12hr worker and the one hour worker were the same in the eyes of the master. For 2000 years Jesus says he has come, but has not yet come it just means cannot complete work, so time is not the job. If a little True, he will make you a superior officer. (Luke 19:17).

(Mathew 20:8,9) we can see that there is a secret within it, here Jesus Christ has five kinds of ministry said in the bible, (Ephesians 4:11) and he himself gave some you be Apostles, some prophets, some evangelists, some pastor and Teachers.

- The first hour was called by the Apostles. (Mark 16:37)
- The third hour was called by prophets. (Act 2:15,16).
- Sixth hour was Called by Evangelists. (John 4:6)
- Nine hour was called by shepherd (John 10:11) (mark 15:34-37) Jesus said, i am Good shepherd, the Good shepherd giveth his life for the sheep
- Eleventh hour Called Teaching (Jesus said-they working only for one hour) so we should be True in working and be DISCIPLES TO Jesus.

God bless you all, Amen.

സൗത്ത് ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിൽ
സംഘടിപ്പിക്കുന്ന

**ഐക്യ ക്രിസ്തീയ ആരാധനയും വചന ധ്യാനവും**
എല്ലാ ഞായറാഴ്ചയും
വൈകുന്നേരം 5 മണി മുതൽ 7 മണി വരെ

സ്ഥലം: **KNMS ഹാൾ**
ആകാശവാണിക്കു സമീപം
വഴുതക്കാട്, തിരുവനന്തപുരം

**കുടുംബ/വിദ്യാഭ്യാസ കൗൺസിലിംഗ്**
എല്ലാ ഞായറാഴ്ചയും
വൈകുന്നേരം 4 മണി മുതൽ 5 മണി വരെ
വഴുതക്കാട് KNMS ഹാളിൽ

ഫോൺ: 9447387655



# മൊബൈൽ ഫോൺ ഒരു വില്ലനോ?



**Pr.സജിത്ത് ലാൽ**
അക്കാഡമിക് ഡീൻ
കർമ്മേൽ തിയോളജിക്കൽ സെമിനാരി

**ആ**ർഷഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന്റെ വാർഷികം ആഘോഷിക്കുന്ന ഭാരത സർക്കാർ ഭരതത്തിലെ ലക്ഷം ജനങ്ങൾക്ക് സൗജന്യ മൊബൈൽ ഫോൺ പദ്ധതി എന്ന വൻ ജന പ്രിയ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നു. ഇതിനായി സർക്കാർ ഖജനാവിൽ നിന്ന് കോടി രൂപ നീക്കി വച്ചിരിക്കുന്നു.

കാളവണ്ടിയുടെ യുഗം കഴിഞ്ഞ് കമ്പ്യൂട്ടർ യുഗത്തിലേക്ക് മനുഷ്യർ എത്തിയിരിക്കുന്നു. അത്യാധുനികമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ അമിത ഉപയോഗം മനുഷ്യനെ മാറാരോഗങ്ങൾക്ക് അടിമകളാക്കിക്കൊണ്ടിരിക്കുന്നു. ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് വലിയ വിസ്ഫോടനം ഉണ്ടാക്കിയ ഉപകരണമാണ് മൊബൈൽ ഫോൺ. മൊബൈൽ ഫോണിന്റെ അമിത വിനിയോഗം വരുത്തിവയ്ക്കുന്ന വിനാശകരമായ വിപത്തുകളെ തൂലിക തുമ്പിലൂടെ അനുവാചകരെ ബോധ്യപ്പെടുത്തുകയാണ് ഈ ലേഖനം.

മാർട്ടിൻ കൂപ്പർ എന്ന ശാസ്ത്രജ്ഞൻ 1973 ൽ കണ്ടെത്തിയ ഈ ഉപകരണം നീണ്ട 22 വർഷങ്ങൾക്ക് ശേഷം 1995- ലാണ് ഭാരതമണ്ണിൽ കാൽ ഉറപ്പിച്ചത്. അന്ന് ഫോണിന് ഇൻകമിംഗ്, ഔട്ട് ഗോയിംഗ്. SMS എന്നീ സൗകര്യങ്ങളെ ഉണ്ടായിരുന്നുള്ളു. അന്ന് ഇതിന്റെ വില 25,000 രൂപയും ആയിരുന്നു. എന്നാൽ ഈ ഹൈടെക് യുഗത്തിൽ 500 രൂപക്കും ഫോൺ വിപണിയിൽ ലഭ്യമാണ്.

ഭാവിയിൽ ഈ മൊബൈൽ ഫോൺ വരുത്തിവയ്ക്കുന്ന വിനകളെക്കുറിച്ച് അൽപ്പമെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? മൊബൈൽ ഫോൺ അമിതമായി ഉപയോഗിക്കുന്നവരിൽ കണ്ടുവരുന്ന ഒരു മനോവൈകല്യമാണ് നോമോഫോബിയ. ഒരു വസ്തുവിനോടോ, ആളിനോടോ, സ്ഥലത്തോടോ, സന്ദർഭത്തോടോ തോന്നുന്ന അടിസ്ഥാനരഹിതമായ ഭയമാണ് ഫോബിയ.

**എന്താണ് നോമോഫോബിയ ?**

മൊബൈൽ ഫോണിനോടുള്ള ഭയമല്ല മറിച്ച് മൊബൈൽ ഫോൺ അടിമത്വം കാരണം മൊബൈൽ ഫോൺ കൈയ്യിൽ ഇല്ലാതെ വരുമ്പോഴുള്ള അസ്വസ്ഥതയാണ് നോമോഫോബിയ എന്ന് പറയുന്നത്. U. K. യിലെ പഠനസംഘടനയായ യുഗ വിലെ ഗവേഷകരാണ് ഈ രോഗം കണ്ടെത്തിയതും ഇതിനെ നോമോഫോബിയ എന്ന് വിളിച്ചതും. 2008 – ൽ തിരിച്ചറിയപ്പെട്ട ഈ രോഗത്തെ ഇന്ത്യയിലെ 1000 മൊബൈൽ ഫോൺഉപഭോക്താക്കളിൽ പരിശോധിച്ചപ്പോൾ അവരിൽ 41 ശതമാനം ആൾക്കാരും ഈ രോഗത്തിന് അടിമകളായിരുന്നു എന്ന് കണ്ടെത്തി. അതിൽ ഏറെയും 18 നും 25 നും മദ്ധ്യേ വയസ്സുള്ള സ്ത്രീകളായിരുന്നു എന്നതാണ് ഞെട്ടിപ്പിക്കുന്ന വസ്തുത.

**നോമോഫോബിയ ഉള്ളവരുടെ ലക്ഷണങ്ങൾ**

1. ഫോൺ കാണാതാവുക, ബാറ്ററി ചാർജ് നഷ്ടപ്പെടുക, നെറ്റ് വർക്ക് കവറേജ് ലഭിക്കാതിരിക്കുക തുടങ്ങിയ സാഹചര്യങ്ങളിൽ ഈക്കൂട്ടർ വളരെ ആശങ്കാകുലരായി കാണപ്പെടുന്നു.
2. തങ്ങളുടെ ഫോണിനെക്കുറിച്ച് മറ്റുള്ളവരോട് അധികം സംസാരിക്കുക
3. കാരണമില്ലാതെ ഫോണിൽ എന്തെങ്കിലും ജോലികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുക.
4. മൂന്നും, നാലും ഫോണുപയോഗിക്കുന്നവരെ ശ്രദ്ധിച്ചാൽ അറിയാം ഇവരിൽ അധികം പേരും ഈ മാനസിക വൈകല്യത്തിന്റെ അടിമകളായിരിക്കുന്നുവെന്ന്.
5. ഭക്ഷണ സമയത്തും വിശ്രമവേളകളിലും ഫോൺ സദാസമയം കൊണ്ടുനടക്കുന്നവർ ആയിരിക്കും. ഇക്കൂട്ടർക്ക് തങ്ങളുടെ ഫോൺ സുരക്ഷിതമാണോ എന്ന് സദാസമയം ആശങ്കയിലായിരിക്കും.

**ഈ രോഗമുള്ളവരുടെ പ്രശ്നങ്ങൾ**

1. തങ്ങളുടെ ഫോൺ ആരെങ്കിലും എടുക്കുകയോ, ടെസ്റ്റ് മെസ്സേജ് വായിക്കുകയോ, ചെയ്താൽ അമിതമായി രോക്ഷാകുലരാകുന്നു.

2. ഇങ്ങനെയുള്ള ആൾക്കാർ തങ്ങളുടെ ജോലിയിൽ അശ്രദ്ധരാകുക, ഫോണിന്റെ കാര്യത്തിൽ ശ്രദ്ധാലുക്കളാകുന്നു.

**ഈ രോഗത്തിനുള്ള പരിഹാരം**

1. നോമോഫോബിയ ഉള്ള വ്യക്തികൾ കഴിവതും ഫോണിൽ നിന്നും അകന്നിരിക്കാൻ ശ്രദ്ധിക്കുക.

2. ഫോണില്ലാതെ എനിക്ക് ജീവിക്കാൻ കഴിയില്ല എന്ന തെറ്റായ ധാരണ ഒഴിവാക്കി ഫോണില്ലാതെയും ജീവിക്കാൻ കഴിയും എന്ന ശുഭാപ്തി വിശ്വാസം വളർത്തിയെടുക്കുക.

3. ഇത് നിങ്ങൾക്ക് സാദ്ധ്യമല്ലെങ്കിൽ ഒരു ഡോക്ടരുടെ നിർദ്ദേശം സ്വീകരിക്കുക.

പ്രിയ സുഹൃത്തുക്കളെ മൊബൈൽ ഫോൺ നമ്മുടെ സമൂഹത്തിൽ വില്ലനായി മാറുമ്പോൾ നമ്മിൽ ഒരു നോമോഫോബിയ വൈകല്യം വളരുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. സാങ്കേതിക വിദ്യ സമ്മാനിച്ച ഈ മാനസിക വൈകല്യം നമ്മൾ ശ്രദ്ധിക്കാതെ പോയാൽ താമസിക്കാതെ ഭാരതം മാനസിക രോഗികളാൽ നിറയും. പിന്നെ സ്വാമി വിവേകാനന്ദൻ പറഞ്ഞ വാക്കുകൾ ഇങ്ങനെ തിരുത്തി പറയേണ്ടിവരും. ഭാരതം ഒരു നോമോഫോബിയക്കാരുടെ ആലയം എന്ന്. ■

siccherala.com
sicckerala@gmail.com
Mob: 9447387655

## SOUTH INDIAN CHRISTIAN COUNCIL

Affiliated by - Diocese of True Jesus Church India
Unit of Anglican Church of India
Govt. Reg.No. 560/1979, 5/IV-2016
Central Office : Muniyappa Complex 2nd Floor, Lingarajapuram St.Thomas Town, Banglore - 560 084
Regional Office: Sankeerthanam, Kulamadayil, Vellarada P O Thiruvananthapuram, Kerala - 695 505



On Saturday 8th February 2020
Registrtation : 9.00 am
Conference : 10.00 am -1.00 pm
Training : 1.00 pm - 3.00 pm
Graduation : 3.00 pm - 5.00 pm

## PASTORS' CONFERENCE & GRADUATION CEREMONY

South Indian Theological Seminary
Accredited by Anglican Unversity Virginia (USA), AppollosBible University

Venue: J P C CHURCH HALL
Viricode, Near Marthandam, Kanyakumari Dist
Contact:Pr. Paul, Mob. 9381877424



ചിട്ടയായി ദൈവവചനം പഠിക്കുവാൻ

## SOUTH INDIAN THEOLOGICAL SEMINARY

An Educational Wing of General Assembly
True Jesus Church India
**Accredited By**
**Anglican University, Virginia (USA)**
**and Appollos Bible University**
CMM Diocese, St. Thomas Town, Good Samaaritan 2nd Floor, Lingarajapuram, , Banglore-560 084
Head Quarters: **Sankeerthanam, Kulamadayil, Vellarada PO, Thiruvananthapuram 695 505, Kerala**

### Courses Offered

- Certificate in Theology (C.Th.)
- Diploma in Theology (D.Th.)
- Bachelor of Theology (B.Th.)
- Bachelor of Divinity (B.Div.)
- Bachelor of Ministry (B.Min.)
- Master of Theology (M.Th.)
- Master of Divinity (M.Div.)
- Master of Ministry (M.Min)
- Doctor of Divinity (D.D.)
- Doctor of Phylosophy in Theology (Ph.D)

**Medium of Instruction**
Malayalam
Tamil
English

**Address of the College**
T.J.C.I. General Assembly Campus
Kottarakonam, Panachamoodu
Kanyakumari District, Ph: 9447387655



*Best Compliments from...*

*For all your Aircondition & Refrigertion needs....*

## SONOK & BONOK TRADERS

HOUSING BOARD BUILDING, TRIVNDRUM



Dealer of:
AIR CONDITION & REFRIGERATION
Spare Parts

**Ph: 0471-2336009, Mob: 9387803539**


ഈ പ്രസിദ്ധീകരണത്തിലെ ലേഖനങ്ങളിലെ ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട എഴുത്തുകാർക്കു മാത്രമാണ്.

-എഡിറ്റർ


## SOUTH INDIAN CHRISTIAN COUNCIL

Affiliated by
DIOCESE OF TRUE JESUS CHURCH INDIA, Unit of ANGLICAN CHURCH OF INDIA
Gov. Reg. No. 560/1979, 5/IV-2016
Central Office: Muniyappa Complex 2nd Floor, Lingarajapuram, St. Thomas Town, Banglore 560 084
Regional Office : Sankeerthanam, Kulamadayil, Thiruvnanthapuram, Kerala 695 505
Website:www.sicckerala.com, E-mail: sicckerala@gmail.com Phone: 9447387655